പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

എട്ടാമത് റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-14)യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

എട്ടാമത് റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-14)യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും		44

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി **(2026-28)** യുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി **(2011-14)** യുടെ പതിനാലാമത് റിപ്പോർട്ടിലെ (തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം **26**-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ **28**

റിപ്പോർട്ട്

തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 14-ാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 14-ാമത് റിപ്പോർട്ട്, 2012 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 32 ഖണ്ഡികകളിലായി സമിതിയുടെ നിഗമനങ്ങൾ/നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത നിഗമനങ്ങൾ/ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടികൾ 19.09.2018, 10.01.2019, 02.05.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ നിഗമനങ്ങൾ/നിർദ്ദേശങ്ങൾ ആയതിന് സർക്കാർ സ്വീകരിച്ച നടപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ കുറിപ്പ്, സമിതി ആവശ്യപ്പെട്ട അധിക വിവരം, തുടർ ശിപാർശകൾ എന്നിവ അധ്യായം 1-ൽ ചേർത്തിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മ പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന തീരുമാനിച്ചതും ഒഴിവാക്കിയതുമായ നിഗമനങ്ങൾ/നിർദ്ദേശങ്ങളും മറുപടികളും അധ്യായം II-ൽ ചേർത്തിരിക്കുന്നു.

അധ്യായം - I

സമിതിയുടെ നിഗമനങ്ങൾ /ശിപാർശകൾ സർക്കാർ സ്വീകരിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും തുടർ ശിപാർശകളും

ഖണ്ഡിക നം. -26

ശിപാർശ

1.1.1. ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കാൻ കോർപ്പറേഷൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത കേസുകളിൽ, എത്ര കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കണമെന്നും, പൂർത്തിയാകാത്ത കേസുകളിൽ അടിയന്തരമായി കുറ്റക്കാരെ കണ്ടെത്തി തുക 12% പലിശയോടുകൂടി തിരിച്ചുപിടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.1.2. മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് തുടങ്ങിയവ കൈപ്പറ്റിയ ശേഷം പ്രവൃത്തി നിർവ്വഹിക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും മുൻകൂർ തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറിക്ക് ഇതിന്റെ വിശദാംശങ്ങൾ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുള്ളതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. ടി വിവരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.1.3. റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

19.09.2018 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.1.4. സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.1.5. ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

1.1.6. പരാമർശത്തിൽ പറയുന്ന വർക്കുകളും എല്ലാം തന്നെ നിലവിൽ പൂർത്തീകരിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.1.7. പരാമർശിക്കുന്ന മുഴുവൻ വർക്കുകളും പൂർത്തീകരിച്ചതായും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമില്ലാത്തതിനാൽ കൺവീനർമാരുടെ പേരിലുള്ള റവന്യൂ റിക്കവറി നിർത്തി വയ്ക്കുകയും ചെയ്തതായി നഗരസഭ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

തുടർ ശിപാർശ

1.1.8 ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സർക്കാർ വ്യക്തമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനാൽ പ്രസ്തുത പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാൻ അടിയന്തര നടപടി

സ്വീകരിക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നം. –34

ശിപാർശ

1.2.1. വിവിധ വർക്കുകൾക്കായി ഇലക്ട്രിസിറ്റി ബോർഡിലും, വാട്ടർ അതോറിറ്റിയിലും തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പ്രസ്തുത വർക്കുകൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട അതോറിറ്റിക്ക് നൽകണമെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭ്യമാക്കിയില്ലെങ്കിൽ അതിന്റെ മുഴുവൻ ബാദ്ധ്യതയും ഡെപ്പോസിറ്റ് തുക വാങ്ങുന്നവർക്കായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.2.2. സമിതി നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടുള്ളതും, ഭാവിയിൽ വീഴ്ച വരാതെ ശ്രദ്ധിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.2.3. തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

19.09.2018 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.2.4. സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

<u>10.01.2019 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

1.2.5. ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

<u>സർക്കാർ ലഭ്യമാക്കിയ അധികവിവരം</u>

1.2.6. സമിതിയുടെ നിർദ്ദേശം പാലിച്ച് ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി തീർക്കുന്നതിന് കെ.എസ്.ഇ.ബി.ക്കും കേരള വാട്ടർ അതോറിറ്റിക്കും നിർദ്ദേശം നൽകിയിട്ടുള്ളതും മേയറുടെ അദ്ധ്യക്ഷതയിൽ നിലവിൽ ടി സ്ഥാപനങ്ങളുമായി നിരന്തരം യോഗം കൂടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ അവലോകനം നടത്തിവരുന്നുമുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

<u>അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്</u>

1.2.7. പ്രോജക്ട് പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

<u>തുടർ ശിപാർശ</u>

1.2.8. 2020-ൽ കെ.എസ്.ഇ.ബി.യുമായി യോഗം ചേർന്ന് മുൻപ് പൂർത്തിയാക്കാത്ത പദ്ധതികളെല്ലാം തുടർന്ന് വരുന്ന പദ്ധതികളിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പഴയ പദ്ധതികളിലുള്ള ബാലൻസ് തുക പുതിയ പദ്ധതികളിലേക്ക് അഡ്ജസ്റ്റ് ചെയ്ത് തീർപ്പാക്കിയെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നം. -53

ശിപാർശ

1.3.1. പൊതുമരാമത്ത് വകുപ്പിന് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും മറുപടിയൊന്നും ലഭ്യമായിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വെറുതെ കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ച് മറുപടി കാത്തിരിക്കുന്നതിൽ നിന്നും, കോർപ്പറേഷന് ഈ വിഷയത്തിൽ യാതൊരു വിധത്തിലുള്ള താൽപ്പര്യമോ ഉത്തരവാദിത്തമോ ഇല്ല എന്ന് സമിതി വിലയിരുത്തുന്നു. കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭിക്കാൻ കർശനമായ തുടർനടപടികൾ സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.3.2. നഗരസഭ കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭിക്കുന്നതിന് (ഉണ്ടായ നഷ്ടം 23,090/-രൂപ) പി.ഡബ്ല്യൂ.ഡി. റോഡ്, സി.ഇ., എ.ഇ.ഇ എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. വീണ്ടും ചീഫ് എഞ്ചിനിയർ, പി.ഡബ്ല്യൂ.ഡി. റോഡ്സിന് കത്ത് നൽകിയിട്ടുണ്ട്. ടി തുക തിരികെ അടയ്ക്കാത്ത പക്ഷം റവന്യൂറിക്കവറി വഴി തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.3.3. തുടർ നടപടികൾ ഓഡിറ്റിൽ അറിയിച്ചിട്ടില്ല.

19.09.2018 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.3.4. സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട്

ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.3.5. ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

1.3.6. 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

1.3.7. പേരൂർക്കട ഇന്ദിരാനഗർ ഭാഗത്തെ ടാർ പണികൾ അന്നത്തെ ബഹു . ഇന്ത്യൻ പ്രസിഡന്റിന്റെ സന്ദർശനത്തിന്റെ ഭാഗമായി അടിയന്തരമായി പണി പൂർത്തീകരിക്കേണ്ടിവന്നതിനാലാണ് 16 ബാരൽ ബിറ്റുമിൻ പി.ഡബ്ല്യൂ.ഡിയുടെ ആവശ്യപ്രകാരം നൽകിയത്. നിലവിൽ ഇന്ദിരാനഗറിലെ റോഡുകൾ എല്ലാം തന്നെ സഞ്ചാരയോഗ്യമാണ് മേൽ വിവരങ്ങൾ ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധിക വിവരത്തിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.3.8 കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭ്യമായിട്ടില്ല.

തുടർ ശിപാർശ

1.3.9 കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെ വില പൊതുമരാമത്ത് വകുപ്പിന്റെ ബില്ലിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഡ്യൂപ്ലിക്കേഷൻ വന്നിട്ടില്ലെന്നുറപ്പാക്കി അതുസംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നം. – 82

ശിപാർശ

1.4.1 എം. ബുക്ക് എഴുതി ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു . നഷ്ടപ്പെട്ടുവെന്നു പറയുന്ന എം. ബുക്ക് അടിയന്തരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, അതിനു സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ബാധ്യത തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ

1.4.2 ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയായ 8500/- രൂപ കരാറുകാരനായ ശ്രീ. സി.ബി.ജി. തിലകൻ 13.02.2014-ലെ 11334107757-ാം നമ്പർ വൗച്ചർ പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.4.3 എം. ബുക്ക് നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

1.4.4 സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം

കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

1.4.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

1.4.6 പരാമർശിച്ചിട്ടുള്ള 8500/- രൂപ 13.02.2014-ലെ നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.4.7 എം. ബുക്ക് എഴുതി ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ബാധ്യത തുക ഈടാക്കിയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തുടർ ശിപാർശ

1.4.8 നഷ്ടപ്പെട്ടുവെന്ന് കരുതുന്ന എം. ബുക്ക് അടിയന്തരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ബാധ്യത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നുള്ള ശിപാർശയിന്മേൽ വർക്ക് പൂർത്തിയാക്കിയെങ്കിലും എം. ബുക്ക് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്ന മറുപടിയാണ് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി നൽകിയത് പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി എം. ബുക്ക് അടിയന്തരമായി

കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നാവശ്യപ്പെട്ടു.

ഖണ്ഡിക നം. - 92

ശിപാർശ

1.5.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.5.2 സമിതി നിർദ്ദേശപ്രകാരം ബന്ധപ്പെട്ട് ഫയലുകളും എം. ബുക്കുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുള്ളതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.5.3 പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളും എം . ബുക്കും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

1.5.4 സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

1.5.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

<u>സർക്കാർ ലഭ്യമാക്കിയ അധികവിവരം</u>

1.5.6 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.

<u>അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്</u>

1.5.7 പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

<u>തുടർ ശിപാർശ</u>

1.5.8 ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ഖണ്ഡിക നം.- 110</u>

<u>ശിപാർശ</u>

1.6.1 ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നല്കിയില്ലെങ്കിൽ ആയത് ലയബിലിറ്റി ആയി കണക്കാക്കുമെന്നും, ഓഡിറ്റിനെ സംബന്ധിച്ച കാര്യങ്ങൾക്ക് വ്യക്തമായി മറുപടി നല്കുന്നതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കണമെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ ലഭ്യമാക്കിയ മറുപടി</u>

1.6.2 സമിതി നിർദ്ദേശം അംഗീകരിക്കുന്നു. സമിതി ശിപാർശിന്മേൽ തിരുവനന്തപുരം നഗരസഭയിൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് സമയബന്ധിതമായി മറുപടി തയ്യാറാക്കി നൽകുന്നതിന് കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.6.3 പരാമർശം സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ നഗരസഭ നല്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.6.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും അല്ലാത്തപക്ഷം തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

1.6.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

1.6.6 നിലവിൽ തിരുവനന്തപുരം നഗരസഭയിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി സമിതിയുടെ നിർദേശ പ്രകാരം രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സമയബന്ധിതമായി ഓഡിറ്റിന് മറുപടി നൽകി വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു . സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.6.7 ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ട്. കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച തീരുമാനങ്ങളോ , രേഖകളോ, അധിക വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.

തുടർ ശിപാർശ

1.6.8 തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ കമ്മിറ്റി യോഗം ചേരുന്നുണ്ടെന്ന കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയിൽ സമിതി തൃപ്തി രേഖപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിശദാംശവും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

<u>അധ്യായം – II</u>

സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

<u>ഖണ്ഡിക നം. –5</u>

<u>ശിപാർശ</u>

2.1.1 റോഡ് റോളർ ഉപയോഗിച്ചതിന്റെ വാടക ഈടാക്കിയ ഇനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സഭാ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്.

<u>ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്</u>

2.1.3 തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2014-ലെ എൽ.എഫ്.സി.എ.7/698/2010 നമ്പർ ഉത്തരവ് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നം. – 18</u>

<u>ശിപാർശ</u>

2.2.1 വ്യക്തമായ നടപടിക്രമങ്ങൾ ഉള്ളപ്പോൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ ഹിതമനുസരിച്ച് തീരുമാനമെടുക്കുന്നത് ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ചട്ടപ്രകാരമല്ലാതെ ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കണമെന്നും ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച എസ്റ്റിമേറ്റിന്റെയും ടെണ്ടർ നടപടികളുടെയും ഫയലുകൾ പരിശോധിച്ച് അടിയന്തരമായി വിശദീകരണം നൽകി ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

2.2.2 തിരുവനന്തപുരം നഗരസഭയിലെ സിറ്റിക്കുള്ളിൽ മണ്ണ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഹാർഡ് സോയിലും ഓർഡിനറി സോയിലും ചേർത്ത് മണ്ണ് നഗരത്തിന് പുറത്തുനിന്നുള്ള പ്രദേശത്തുനിന്നും കൊണ്ടു വന്നാണ് ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ആയതിനാൽ ഹാർഡ് സോയിലിന്റെയും , ഓർഡിനറി സോയിലിന്റെയും ആവറേജ് നിരക്കാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിൽ ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കണമെന്നും, ടി ഫയലുകൾ ഓഡിറ്റിന് നൽകി ബോധ്യപ്പെടുത്തുകയും വേണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഇതു പ്രകാരം 1997-98 മുതൽ 2001-2002 വരെയുള്ള കാലയളവിലുള്ള ബന്ധപ്പെട്ട ടി ഫയലുകൾ കണ്ടെത്തുന്നതിനു വേണ്ടി സെർച്ച് മെമ്മോ നൽകുകയും, റെക്കോർഡ് കീപ്പറെ പ്രത്യേകം ചുമതലപ്പെടുത്തി പരിശോധന നടത്തിയെങ്കിലും വളരെ കാലപ്പഴക്കമുള്ളതിനാൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ് . ടി പ്രവൃത്തികൾ ലംപ്സം കോൺട്രാക്ടായി നൽകുന്നതിനാലും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നതിനാലും ആകെയുള്ള നിരക്കുകൾ പരിശോധിച്ചാണ് കരാറുകാർ റേറ്റ് ക്വാട്ട് ചെയ്യുന്നത്. ടി കാരണം കൊണ്ട് നഗരസഭയ്ക്ക് നഷ്ടം വരാൻ

ഇടയില്ലാത്തതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.2.3 ഇതു സംബന്ധിച്ച് ഫയലുകൾ നാളിതുവരെ നഗരസഭ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.2.4 പ്രസ്തുത ശിപാർശ ഖണ്ഡികയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.2.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

2.2.6 ഓഡിറ്റ് പരാമർശത്തിൽ പറയുന്ന അധിക നിരക്ക് Initial lead and lift നൽകിയത് മൂലമുള്ള നഷ്ടത്തെക്കുറിച്ചാണ്. ടി കാലയളവിൽ initial lead and lift നൽകുന്നതിന് വ്യക്തമായ അറിവ് ഇല്ലാത്തതുമൂലമാണെന്നും നിലവിൽ ടി നിരക്കുകൾ സംബന്ധിച്ച് വ്യക്തത ഉള്ളതാണെന്നും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പണികൾ പൂർത്തീകരിച്ചിട്ടുള്ളതായും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.2.7 ഖണ്ഡികയിൽ പരാമർശിക്കുന്ന പണികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട് . മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് നിരക്ക് കണക്കാക്കുമ്പോൽ പ്രവൃത്തിക്ക് നൽകുന്ന നിരക്കിൽ നിന്നും ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലായെന്ന ചീഫ് എഞ്ചിനീയറുടെ (പി.ഡബ്ല്യു.ഡി. അഡ്മിനിസ്ട്രേഷൻ) 06.01.2025-ലെ 2/2025 സർക്കുലർ, തദ്ദേശസ്വയംഭരണ വകുപ്പിനും മുൻകാല പ്രാബല്യത്തോടെ ബാധകമാക്കി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഖണ്ഡിക നം. - 21
ശിപാർശ

2.3.1 ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും അതിന്റെ വൗച്ചർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 ടി വിഷയവുമായി ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ചിച്ചുള്ള രസീതുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. (കത്ത് നം. ഇ 7/8385/11 തീയതി 08.06.2015)

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.3.3 ഓഡിറ്റ് തടസ്സമായി ഉന്നയിച്ച 18,101/- രൂപയിൽ 7,440/- രൂപ നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 10,661/- രൂപയുടെ ഒടുക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.3.4 പ്രസ്തുത ശിപാർശ ഖണ്ഡികയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.3.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

2.3.6 തുക നഗരസഭയിൽ ഒടുക്കിയിട്ടുള്ളതും ആയതിന്റെ വൗച്ചർ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.3.7 ഖണ്ഡികയിൽ പരാമർശിക്കുന്ന തുകകൾ പിരിച്ചെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ രസീതുകളുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക നം. – 30

ശിപാർശ

2.4.1 മണ്ണ് ഉപയോഗപ്രദമല്ലെങ്കിൽ അക്കാര്യം യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു .

പ്രസ്തുത പണികൾ നിർവ്വഹിച്ച ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി അവരിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 മരാമത്ത് പ്രവൃത്തികൾകൾക്കായി കുഴിച്ചെടുക്കുന്ന മണ്ണ് അതാത് സ്ഥലത്തുള്ള താഴ്ന്ന പ്രദേശങ്ങൾ നികത്തുന്നതിനാണ് ഉപയോഗിക്കാറുള്ളത് . ഇത്തരത്തിൽ ഉപയോഗിക്കുന്നതുകൊണ്ട് നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകാൻ ഇടയില്ലാത്തതാണ്. ടി വിവരങ്ങൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതിനാലാണ് ടി തടസ്സത്തിന് കാരണമായിട്ടുള്ളത്. ഓഡിറ്റ് സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത കാലയളവിലുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി നഷ്ടം ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പല വാർഡുകളിലായിട്ടുള്ള വിവിധ പ്രവൃത്തികളിലാണ് ഇത്തരത്തിൽ ഉണ്ടായിട്ടുള്ളത് . ടി ഫയലുകൾ കണ്ടെത്തുന്നതിന് വേണ്ടി സെർച്ച് മെമ്മോ നൽകുകയും റെക്കോർഡ് കീപ്പറെ പ്രത്യേകം ചുമതലപ്പെടുത്തി പരിശോധന നടത്തിയെങ്കിലും വളരെ കാലപ്പഴക്കമുള്ളതിനാൽ ടി ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ് . ടി പ്രവൃത്തികളുടെ കുഴിച്ചെടുത്ത മണ്ണ് താഴ്ന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് സാധ്യതയുള്ളതിനാല് നഗരസഭയ്ക്ക് നഷ്ടം വരാനിടയില്ലാത്തതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.4.3 ഇതു സംബന്ധിച്ച ഫയലുകൾ നാളിതുവരെ നഗരസഭ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.4.4 പ്രസ്തുത ശിപാർശ ഖണ്ഡികയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.4.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

2.4.6 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. കുഴിച്ചെടുക്കുന്ന മണ്ണില് നിന്നും ഉപയോഗപ്രദമായിട്ടുള്ള ഭാഗം ഉണ്ടെങ്കിൽ സൈറ്റ് ലെവലിംഗ് പോലുള്ള പണികൾ ക്കായി ഉപയോഗിക്കാറുണ്ടെന്നും ആയത് സൈറ്റ് പ്രിപ്പറേഷനുവേണ്ടി ഉപയോഗിക്കുന്ന ഇനമായതിനാൽ ആയതിന്റെ മെഷർമെന്റ് പ്രത്യേകമായി രേഖപ്പെടുത്തുകയില്ല. പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം ഒരു ഇനത്തിന്റെയോ , വസ്തുവിന്റെയോ ഉപയോഗക്ഷമത/ഉപയോഗമില്ലായ്മ എന്നിവ പ്രത്യേകമായി സർട്ടിഫൈ ചെയ്യണമെന്ന് പറയുന്നില്ല. മേൽ വിവരങ്ങൾ ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.4.7 നഷ്ടത്തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല . സമിതി നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

ഖണ്ഡിക നം. – 35

ശിപാർശ

2.5.1 ഇലക്ട്രിസിറ്റി ബോർഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ കമ്മിറ്റി കൂടി വർക്ക് മോണിറ്റർ ചെയ്യാറുണ്ടെന്നും , വർക്ക് ചെയ്തില്ലെങ്കിൽ അവരെക്കൊണ്ട് ചെയ്യിപ്പിക്കാറുണ്ടെന്നുമുള്ള കോർപ്പറേഷന്റെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 സമിതി നിർദ്ദേശം അംഗീകരിക്കുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.5.3 തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2014-ലെ എൽ.എഫ്.സി.എ.7/698/2010 നമ്പർ ഉത്തരവ് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നം. – 38

ശിപാർശ

2.6.1 ടാർ വീപ്പ ഇടപാടിലെ കുടിശ്ശിക തുക കൺവീനറിൽ നിന്ന് ഈടാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും , അതിന് സാധിക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഒരു മാസത്തിനുള്ളിൽ

തുക ഈടാക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെടാത്തത് സമിതി വളരെ ഗൗരവമായി കാണുന്നു. കൺവീനർമാരിൽ നിന്നും കുടിശ്ശികത്തുക നാളിതുവരെ ഈടാക്കാൻ സാധിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 ഓഡിറ്റിൽ ഉന്നയിച്ചിട്ടുള്ള ഒഴിഞ്ഞ ടാർ വീപ്പകൾക്ക് വില ഈടാക്കാതിരുന്നതുകൊണ്ടുള്ള നഷ്ടത്തുകയായ 16,206/-രൂപ ബന്ധപ്പെട്ട കൺ വീനർമാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

പേര്	രസീത് നമ്പർ	തുക
അർജ്ജുനൻ ചെട്ടിയാർ	01/11501123117 തീയതി 26.02.2016	2,331/-
കെ. സുധാകരൻ	01/11501123116 തീയതി 26.02.2016	777/-
ബാലകൃഷ്ണൻ നായർ	01/11501123115 തീയതി 26.02.2016	10,656/-
സി. ജെ. ഗോപകുമാർ	01/11501123118 തീയതി 26.02.2016	2,442/-
ആകെ		**16,206/-**

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.6.3 കൺവീനർമാരിൽ നിന്നോ , ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

ഖണ്ഡിക നം. - 42

ശിപാർശ

2.7.1 സംസ്ഥാന ഖജനാവിന് നഷ്ടം വന്ന തുക ശേഷിക്കുന്ന ബില്ലിൽനിന്ന് ഈടാക്കിക്കൊള്ളാൻ പന്ത്രണ്ട് കരാറുകാർ സമ്മതം എഴുതി തന്നിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിൻപ്രകാരം പ്രസ്തുത തുക കരാറുകാരിൽനിന്നും രണ്ട് മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയത് സംബന്ധിച്ച റിപ്പോർട്ടുകളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. പ്രസ്തുത തുക അടിയന്തരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 പന്ത്രണ്ട് കരാറുകാരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുകയും, പത്ത് കരാറുകാരിൽ നിന്നും 73,018/- രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. രണ്ട് കരാറുകാരുടെ ബില്ലിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.7.3 പത്ത് കരാറുകാരിൽ നിന്നും 73,018/- രൂപയും 14 കരാറുകാരിൽ നിന്നും 29,206/-രൂപയും ചേർത്ത് 1,02,224/-രൂപ ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. കരാറുകാരിൽ നിന്നും 13,148/- രൂപ കൂടി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.7.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി തെറ്റായ രീതിയിൽ വിൽപ്പന നികുതി ഈടാക്കിയതുമൂലം

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിൽ അവശേഷിക്കുന്ന തുക കൂടി കരാറുകാരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം നഗരസഭയോട് ആവശ്യപ്പെടാൻ ശിപാർശ ചെയ്തു.

സർക്കാർ ലഭ്യമാക്കിയ അധികവിവരം

2.7.5 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. സമിതിയുടെ നിർദ്ദേശപ്രകാരം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 1,07,871/-രൂപ ഒടുക്കിയിട്ടുള്ളതും ആയത് കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിൽ ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്. ബാക്കി തുകയായ 7,50,026/- ഒടുക്കാമെന്ന് സമ്മതിച്ച കരാറുകാരൻ മരണപ്പെട്ടുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.7.6 കരാറുകാരിൽ നിന്നും 1,02,224/- രൂപ നഗരസഭ ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാക്കി ഈടാക്കാനുള്ള 13,148/- രൂപ ഈടാക്കിയ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഖണ്ഡിക നം. – 47

ശിപാർശ

2.8.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിംഗിന് മുമ്പുതന്നെ ഈ ഫയൽ എ .ജി. ഓഡിറ്റ് നടത്തിയതായും ഈ വിഷയം ഡ്രോപ്പ് ചെയ്യാൻ എഴുതിത്തന്നിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ

ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ , ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ, എ.ജി. വെരിഫൈ ചെയ്ത സർട്ടിഫിക്കറ്റ് , മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും , എ.ജി.-യുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ഓഡിറ്റ് പരാമർശങ്ങൾ ഒന്നുതന്നെയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.2 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെയും എ. ജി. ഓഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ പരിശോധിച്ച എ . ജി.-യുടെയും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ഓഡിറ്റ് പരാമർശങ്ങൾ ഒന്നുതന്നെയാണെന്ന് പരിശോധനയിൽ കണ്ടെത്തി.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.8.3 ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.8.4 പ്രസ്തുത ശിപാർശ ഖണ്ഡികയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.8.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.8.6 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

2.8.7 ഖണ്ഡികയിൽ പരാമർശിച്ച കവടിയാർ പുതച്ചിക്കോണം ചേരിയുടെ ഓട നിർമ്മാണം വൈദ്യുതീകരണം എന്ന പ്രോജക്ട് പൂർത്തിയാക്കിയതിൽ ബാക്കിവന്ന തുക വിവിധ കോളനികളിൽ താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങിയതിന് പ്രോജക്ടിൽ വകയിരുത്താതെ ചെലവഴിച്ച 765763/- രൂപ നിരാകരിച്ചിരുന്നു. എന്നാൽ ടി തുക പട്ടികജാതി ക്ഷേമത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്. മേൽ വിവരങ്ങൾ ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധിക വിരവത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.8.8 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായത്. പട്ടികജാതി ക്ഷേമത്തിനായി മാത്രം ടി തുക വിനിയോഗിച്ചതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതാണ്.

ഖണ്ഡിക നം. – 50

ശിപാർശ

2.9.1 കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആയതിന്റെ റിപ്പോർട്ട് കാലതാമസംവിനാ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.9.2 ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ട്. (1) Receipt No. 10906103240, dtd. 16.06.2009 for Rs. 3,845/- (2) Receipt No. 10906105656, dated 28.07.2009 for Rs. 1,253/-.

<u>ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്</u>

2.9.3 തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നം. - 56</u>

<u>ശിപാർശ</u>

2.10.1 ഓഡിറ്റ് നിരാകരിച്ച തുക പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും ഒരു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. തുക തിരിച്ചടയ്ക്കാത്ത ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും നഷ്ടംവന്ന തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.2. ടി പ്രവൃത്തികളുടെ നഷ്ടം ബന്ധപ്പെട്ട ഉദ്യോസ്ഥരിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്.

(1) നം. 10906105665, തീയതി 28.07.2009, 4,594/- രൂപ

(2) നം. 11203119921, തീയതി 03.01.2013, 4,594/- രൂപ

(3) നം. 11303100057, തീയതി 01.04.2013, 4,594/- രൂപ

<u>ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.10.3 തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നം. - 58

ശിപാർശ

2.11.1 ഓഡിറ്റ് പരാമർശത്തിന് വ്യക്തമായ വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ശമ്പളത്തിൽ നിന്ന് തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.11.2 സഭാ സമിതി ശിപാർശ പ്രകാരം ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഗോപാലകൃഷ്ണൻ നായർ 7,338/- രൂപ ഒടുക്കിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.11.3 തുക 7,338/-രൂപ ഒടുക്കിയതിന്റെ രേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.11.4 പ്രസ്തുത ശിപാർശ ഖണ്ഡികയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.11.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.11.6 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

കരിങ്കൽ പൊളിക്കുമ്പോൾ കെട്ടിടത്തിന്റെ പ്രത്യേകത അനുസരിച്ചും , കരിങ്കല്ലിന്റെ ഫിസിക്കൽ /കെമിക്കൽ പ്രോപ്പട്ടീസ് മൂലവും കരിങ്കല്ലിൽ കുറവ് ഉണ്ടാകാറുണ്ട്. ആയത് പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ അനുശാസിക്കുന്ന പരിധിക്കുള്ളിലാണ്. വിവരങ്ങൾ ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.11.7 ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായോ, ഈടാക്കിയതായോ അറിയിച്ചിട്ടില്ല. സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.

ഖണ്ഡിക നം. - 60

ശിപാർശ

2.12.1 കരാറുകാരനിൽ നിന്ന് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.12.2 ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ശ്രീ. വിജയകുമാർ എന്ന കരാറുകാരൻ E3/MS/2013/2007-ാംനമ്പർ കൊല്ലവിള ടെമ്പിൽ റോഡ് എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.12.3 തുക ഈടാക്കിയതിന്റെ രേഖകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.12.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും തീരുമാനിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.12.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.12.6 10.01.2019-ൽ ചേർന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സംസ്ഥാന ഓഡിറ്റ് ഡയറക്ടറും സംയുക്തമായി തിരുവനന്തപുരം നഗരസഭയിൽ പരിശോധന നടത്തുകയും പ്രസ്തുത

പരിശോധന സമിതി മുമ്പാകെ നഗരസഭാ സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

കരിങ്കൽ പൊളിക്കുമ്പോൾ കെട്ടിടത്തിന്റെ പ്രത്യേകത അനുസരിച്ചും , കരിങ്കല്ലിന്റെ ഫിസിക്കൽ /കെമിക്കൽ പ്രോപ്പട്ടീസ് മൂലവും കരിങ്കല്ലിൽ കുറവ് ഉണ്ടാകാറുണ്ട്. ആയത് പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ അനുശാസിക്കുന്ന പരിധിക്കുള്ളിലാണ്. വിവരങ്ങൾ ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.12.7 കരാറുകാരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായോ, ഈടാക്കിയതായോ അറിയിച്ചിട്ടില്ല. സമിതി നിർദ്ദേശം പാലിച്ചിട്ടില്ല.

ഖണ്ഡിക നം. – 63

ശിപാർശ

2.13.1 കോർപ്പറേഷന് ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കിയതായുള്ള രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.13.2 ടി തുക പൂർണ്ണമായും നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്.

(1) നം. 88146, തീയതി 24.10.2008, 3,108/- രൂപ

(2) നം. 192136, തീയതി 24.10.2008, 3,108/- രൂപ

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.13.3 തുക ഈടാക്കിയതിന്റെ രേഖകൾ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.13.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും തീരുമാനിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

2.13.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.13.6 പരാമർശ തുകയായ 3,108/- രൂപ 24.10.2018-ന് കരാറുകാരൻ ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.13.7 തുക അടവാക്കിയതായി നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

ഖണ്ഡിക നം. – 66

ശിപാർശ

2.14.1 നിയുക്തസ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് എടുക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഇത്തരം പോരായ്മകൾ ഒഴിവാക്കുന്നതിനായി ഭാവിയിൽ പുതിയതായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധയും പരിശോധനയും നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.14.2 സമിതി നിർദ്ദേശം ഭാവിയിൽ ശ്രദ്ധിക്കുന്നതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.14.3 മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നം. – 69

ശിപാർശ

2.15.1 ശരിയായ രീതിയിലുള്ള അന്വേഷണത്തിന്റെ അഭാവംമൂലം ഇല്ലാത്ത ഒരു പണിക്കുവേണ്ടി പ്രോജക്ട് തയ്യാറാക്കുക, പത്രത്തിൽ പരസ്യം കൊടുക്കുക, ടെണ്ടർ ക്ഷണിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചതുമൂലം നഗരസഭാ ഫണ്ട് പാഴാക്കിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.15.2 25.05.15-ലെ നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ച പ്രകാരം ശ്രീ. മുരളീധരൻ നായരുടെ പേരിൽ തുടർനടപടി സ്വീകരിക്കുന്നതിനായി

05.06.2015-ൽ LFGD ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. (കത്ത് നം. 7/83385/11, തീയതി 05.06.2015)

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.15.3 തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

19.09.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.15.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി കുറിപ്പുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.15.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.15.6 സമിതി നിർദ്ദേശം വരുന്നതിന് മുമ്പ് തന്നെ ശ്രീ. മുരളീധരൻ നായർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.15.7 ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 31.05.2002-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. എന്നാൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ – 70

ശിപാർശ

2.16.1. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശമുള്ള വർക്ക് നടന്നിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.16.2 സമിതി നിർദ്ദേശം അംഗീകരിക്കുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.16.3 തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2014-ലെ എൽ.എഫ്.സി.എ.7/698/2010 നമ്പർ ഉത്തരവ് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട് .

ഖണ്ഡിക നമ്പർ – 73

ശിപാർശ

2.17.1. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വീടുകൾ വയറിംഗ് നടത്തിയിൽ ഇനിയും കണ്ടെത്താനുള്ള ഫയലുകൾ കണ്ടെത്തി അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.17.2 സമിതി നിർദ്ദേശിച്ച പ്രകാരം കെ.എസ്.ഇ.ബി.യിൽ ഡി.ഡി. അടച്ച് രസീത് സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട് .

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.17.3 രസീത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.17.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി കുറിപ്പുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.17.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.17.6 ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വീട് വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഈ വീടുകളിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ടെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.17.7 വീടുകൾ വയറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 75

ശിപാർശ

2.18.1. കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത രേഖകൾ

പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.18.2 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി ഫയൽ നൽകിയിട്ടുണ്ട്. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 1203/-രൂപ 25.09.2009-ൽ 10903101650 നമ്പർ പ്രകാരം ഒടുക്കിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.18.3 തുക 1203/-രൂപ രസീത് നം. 10903101650 തീയതി 25.09.2009 പ്രകാരം ഒടുക്കിയിട്ടുള്ളതാണ് . പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 78

ശിപാർശ

2.19.1. കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ ലഭ്യമാക്കിയ മറുപടി

2.19.2. സമിതി നിർദ്ദേശം പാലിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.19.3 നഷ്ടത്തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ് .

ഖണ്ഡിക നമ്പർ - 85

ശിപാർശ

2.20.1 വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വേലയ്ക്ക് കോർപ്പറേഷൻ പണം നൽകാനുണ്ടെങ്കിൽ അതിൽ നിന്നും 28,000/-രൂപ കുറച്ച് ബാക്കി പണം അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വർക്ക് പൂർത്തീകരിച്ചു എന്ന കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.20.2 തൃക്കണ്ണാപുരം വാർഡിലെ തച്ചംവിള പട്ടികജാതി പട്ടികവർഗ്ഗ പ്രോജക്ട് പ്രകാരം 28,000/- രൂപ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 1999-2000-ൽ ചെക്ക് നം.834542 തീയതി 31.03.99 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. ടി തുകയുടെ രസീത് വിനിയോഗം സംബന്ധിച്ച വിവരം കേരള വാട്ടർ അതോറിറ്റി നൽകിയിട്ടില്ലാത്തതാണ്. നഗരസഭ നൽകാനുള്ള വാട്ടർ ചാർജിനത്തിൽ തട്ടിക്കിഴിച്ചശേഷം ബാക്കി തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.20.3 ബന്ധപ്പെട്ട ഫയലുകളും രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.20.4 സർക്കാരിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട്

ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.20.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.20.6 പരാമർശ തുകയായ 28000/- രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതാണെന്നും സമിതി ശിപാർശപ്രകാരം 2006 മുതലുള്ള കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.20.7 പ്രസ്തുത 28,000/-രൂപ ക്രമീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 88

ശിപാർശ

2.21.1 നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു .

സർക്കാർ സ്വീകരിച്ച നടപടി

2.21.2 ടി തുകയായ 615/-രൂപ 16.06.2009-ലെ 10906103241 നമ്പർ രസീത് പ്രകാരം നഗരസഭാ ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതാണ്. പരിശോധനയ്ക്കായി ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.21.3 615/-രൂപ 10906103241/16.06.2009 രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട് .

ഖണ്ഡിക നമ്പർ – 95

ശിപാർശ

2.22.1 നഗരശുചീകരണമെന്നത് മുഖമുദ്രയായി എടുത്തിട്ടുള്ള കോർപ്പറേഷൻ, ലാട്രിൻ നിർമ്മാണം പോലെയുള്ള ഒരു ജനോപകാര പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ലാട്രിൻ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കിയില്ലെങ്കിൽ അത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായിത്തീരുമെന്ന് സമിതി വിലയിരുത്തുന്നു . ആയതിനാൽ സെക്രട്ടറിയും ബന്ധപ്പെട്ട എഞ്ചിനീയറും കൂടി നേരിട്ട് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.22.2 സഭാ സമിതി നിർദ്ദേശിച്ച പ്രകാരം സെക്രട്ടറിയും എഞ്ചിനീയറും സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരമുള്ള 73 വീടുകൾക്കുള്ള കക്കൂസ് നിർമ്മിക്കുന്നതിനായി 73x5=365 ഉറകൾ നിർമ്മിച്ച് സ്ഥാപിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. എന്നാൽ എല്ലാ കക്കൂസുകളും നേരിട്ട് പരിശോധിച്ച് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഏകദേശം പത്ത് വർഷത്തിന് മുമ്പുള്ള പ്രവൃത്തി ആയതിനാൽ പലതും മണ്ണിട്ട് മൂടുകയും പുതുക്കി പുതിയവ പണിയുകയും ചില വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിംഗുകൾ വാർത്ത് സ്ഥാപിക്കാതെ കിടക്കുകയോ , കുഴികൾ നിർമ്മിച്ച് കക്കൂസ് പൂർത്തിയാക്കാതെ കിടക്കുകയോ ചെയ്യുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. ആതിനാൽ ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ബാക്കി 25

വീടുകൾക്കും കൂടി ഉറകൾ സ്ഥാപിച്ച് പണി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് തീരുമാനിച്ച് ഓഡിറ്റ് തടസ്സത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.22.3 മറുപടി അംഗീകരിക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ - 98

ശിപാർശ

2.23.1 കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.23.2 സമിതി നിർദ്ദേശ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.23.3 തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2014-ലെ എൽ.എഫ്.സി.എ.7/698/2010 നമ്പർ ഉത്തരവ് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 102

ശിപാർശ

2.24.1 പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് ടിയാനിൽ നിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.24.2 ടി പ്രവർത്തിയ്ക്ക് അധികം നൽകിയ തുകയായ 17,949/- രൂപ കരാറുകാരൻ 13.02.2014-ലെ 11334107758-ാം നമ്പർ വൗച്ചർ പ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.24.3 രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 107

ശിപാർശ

2.25.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.25.2 സമിതി തീർപ്പാക്കിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.25.3 തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2014-ലെ എൽ.എഫ്.എസി.എ 7/698/2010 നമ്പർ ഉത്തരവ് മുഖേന പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ – 111

ശിപാർശ

2.26.1 പദ്ധതിയുമായി ബന്ധപ്പെട്ട് ടിഡ പണി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്കായി ലോക്കൽ

ഫണ്ട് ഓഡിറ്റ് വകുപ്പിന് നല്കണമെന്നും പണി നടത്തിയിട്ടില്ലെങ്കിൽ ട്രിഡയ്ക്ക് നൽകിയ തുക റിയലൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.26.2 വെള്ളപ്പൊക്ക നിവാരണത്തിനും ബസ്ബേ നിർമ്മാണത്തിനുമായി ട്രിഡയ്ക്ക് 57 ലക്ഷം രൂപ നൽകിയിരുന്നു. ഇതിൽ 40,71,296/- രൂപ ട്രിഡ വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയായ 16,28,704/-രൂപ ട്രിഡയ്ക്ക് വർഷം തോറും നൽകുന്ന സെന്റേജ് ചാർജ്ജിൽ കുറവ് ചെയ്തിട്ടുള്ളതുമാണ്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.26.3 പരാമർശം സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

19.09.2018-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.26.4 പ്രസ്തുത ശിപാർശയിൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി കുറിപ്പുകൾ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച ബന്ധപ്പെട്ട ഫയലുകളും രേഖകളും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് തിരുവനന്തപുരം കോർപ്പറേഷനോട് ആവശ്യപ്പെടാനും റിപ്പോർട്ട് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താനും നിർദ്ദേശിച്ചു.

10.01.2019-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

2.26.5 ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കുക.

സർക്കാർ ലഭ്യമാക്കിയ അധിക വിവരം

2.26.6 വെള്ളപ്പൊക്ക നിവാരണത്തിനും ബസ്ബേ നിർമ്മാണത്തിനുമായി ട്രിഡയ്ക്ക് 57 ലക്ഷം രൂപ നൽകിയിരുന്നു. അതിൽ 40,71,296/- രൂപ ട്രിഡ വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയായ 16,28,704/- രൂപ ട്രിഡയ്ക്ക് വർഷം തോറും നൽകുന്ന സെന്റേജ് ചാർജ്ജിൽ കുറവു ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.26.7 ട്രിഡ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	1.1.8	തദ്ദേശസ്വയംഭരണ വകുപ്പ് ഓഡിറ്റ് വകുപ്പ്	ഓഡിറ്റ് പരാമർശത്തിൽ പറയുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സർക്കാർ വ്യക്തമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനാൽ പ്രസ്തുത പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.
2	1.2.8	തദ്ദേശസ്വയംഭരണ വകുപ്പ്	2020-ൽ കെ.എസ്.ഇ.ബി.യുമായി യോഗം ചേർന്ന് മുൻപ് പൂർത്തിയാക്കാത്ത പദ്ധതികളെല്ലാം തുടർന്ന് വരുന്ന പദ്ധതികളിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പഴയ പദ്ധതികളിലുള്ള ബാലൻസ് തുക പുതിയ പദ്ധതികളിലേക്ക് അഡ്ജസ്റ്റ് ചെയ്ത് തീർപ്പാക്കിയെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.
3	1.3.9	തദ്ദേശസ്വയംഭരണ വകുപ്പ്	കോർപ്പറേഷൻ നൽകിയ ബിറ്റുമിന്റെ വില പൊതുമരാമത്ത് വകുപ്പിന്റെ ബില്ലിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഡ്യൂപ്ലിക്കേഷൻ വന്നിട്ടില്ലെന്നുറപ്പാക്കി അതുസംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.
4	1.4.8	തദ്ദേശസ്വയംഭരണ	നഷ്ടപ്പെട്ടുവെന്ന് കരുതുന്ന എം. ബുക്ക്

		വകുപ്പ്	അടിയന്തരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ബാധ്യത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനില് നിന്നും ഈടാക്കണമെന്നുള്ള ശിപാർശയിന്മേൽ വർക്ക് പൂർത്തിയാക്കിയെങ്കിലും എം. ബുക്ക് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്ന മറുപടിയാണ് തിരുവനന്തപുരം കോർപ്പേറേഷൻ സെക്രട്ടറി നൽകിയത് പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി എം . ബുക്ക് അടിയന്തരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നാവശ്യപ്പെട്ടു.
5	1.5.8	തദ്ദേശസ്വയംഭരണ വകുപ്പ്	ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.
6	1.6.8	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ കമ്മിറ്റി യോഗം ചേരുന്നുണ്ടെന്ന കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയിൽ സമിതി തൃപ്തി രേഖപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളും വിശദാംശവും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.